"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ വകുപ്പ് - ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.സുശാന്ത് കുരുന്തിലിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി 04.01.2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വിദ്യാ (എ) വകുപ്പ്**

സ.ഉ.(കൈ) നം.8/2026/ITD തീയതി,തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. 10.11.2022 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം. 40/2022/വി.സ.വ
2. ഇൻഫോപാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 18.09.2025 തീയതിയിലെ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) ഉത്തരവ് പ്രകാരം ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ.സുശാന്ത് കുറുന്തിലിനെ കരാർ വ്യവസ്ഥയിൽ നിയമിച്ചിരുന്നു. പ്രസ്തുത തസ്തികയിൽ അദ്ദേഹത്തിന്റെ കാലാവധി 2026 ജനുവരി 3 ന് അവസാനിക്കുന്നതിനാൽ മൂന്ന് വർഷം കൂടി കാലാവധി നീട്ടി നൽകുന്നതിന് പരാമർശം (2) പ്രകാരം അദ്ദേഹം അപേക്ഷിക്കുകയുണ്ടായി.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.സുശാന്ത് കുരുന്തിലിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി 04.01.2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീറാം സാംബശിവ റാവു ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

<u>പകർപ്പ്</u>

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക്സ് കേരള
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (3351819/PU-D3/232/2025-Fin പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം നമ്പർ................)

വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Kiran M

Date: 12-03-2026 11:00:09

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 10-03-2026

ഫയൽ നം. ഐ.ടി.-എ1/97/2025/ഐ.റ്റി.ഡി. ഇനം നം: 3849

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.സുശാന്ത് കുരുന്തിലിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

3849

**കേരള സർക്കാർ**
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം. ഐ.ടി–എ 1/97/2025–ഐ.റ്റി.ഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | ഇ&ഐ.ടി - ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ ശ്രീ.സുശാന്ത് കുരുന്തിലിന് പ്രസ്തുത തസ്തികയിലെ കരാർ സേവനകാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നത് -സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 29.01.2026 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ | : | ഉണ്ട് |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.രാജേഷ് കുമാർ എം |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീ.സീറാം സാംബശിവ റാവു |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.02.2026 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 27.02.2026 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യമന്ത്രി അംഗീകരിച്ച തീയതി | : | 04.03.2026 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 05.03.2026 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

<u>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്</u>

ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ കരാർ വ്യവസ്ഥയിൽ തുടരുന്നതിന് ശ്രീ.സുശാന്ത് കുറുന്തിലിന്റെ കരാർ സേവനകാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകുന്നതിന് അനുമതി തേടിയാണ് ഈ കുറിപ്പ് മന്ത്രിസഭയ്ക്ക് മുമ്പാകെ സമർപ്പിച്ചിരിക്കുന്നത്.

2.ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ.സുശാന്ത് കുറുന്തിലിനെ മന്ത്രിസഭയുടെ അംഗീകാരത്തോടെ 10.11.2022 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം. 40/2022/വി.സ.വ പ്രകാരം നിയമിച്ചിരുന്നു. കൂടാതെ, 15.05.2023 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ(സാധാ)നം. 101/2023/വി.സ.വ പ്രകാരം ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ കോഴിക്കോട് സൈബർപാർക്കിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയുടെ അധിക ചുമതലയും അദ്ദേഹത്തിന് നൽകിയിരുന്നു. ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ അദ്ദേഹത്തിന്റെ കാലാവധി 2026 ജനുവരി 3 ന് അവസാനിച്ചതിനാൽ മൂന്ന് വർഷം കൂടി കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് അദ്ദേഹം അപേക്ഷിക്കുകയുണ്ടായി.

3.അഫിലിയേറ്റ് പ്രോഗ്രാം, ലാൻഡ് പൂളിംഗ് സ്കീം ഇൻഫോപാർക്ക്സ് കേരളയുടെ പുതിയ ഘട്ടങ്ങൾ സൃഷ്ടിക്കുന്നതിനായി മറ്റ് സർക്കാർ വകുപ്പുകളിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ പുതിയ ആശയങ്ങൾ അവതരിപ്പിക്കുന്നതിലും സംസ്ഥാനത്തിനായി ജിസിസി നയം സൃഷ്ടിക്കുന്നതിലും പ്രധാന സംഭാവന നൽകാൻ കഴിഞ്ഞതായും കൂടാതെ, പാർക്കിനുള്ളിൽ നിരവധി നിർണായക അടിസ്ഥാനസൗകര്യ പദ്ധതികൾക്ക് തുടക്കമിടുകയും മേൽനോട്ടം വഹിക്കുകയും ചെയ്തതായും കോഴിക്കോട് സൈബർപാർക്കിന്റെ സിഇഒ എന്ന അധിക ചുമതലയിൽ, സൈബർപാർക്കിന്റെ വളർച്ചയ്ക്ക് നിർണായകമായ രണ്ടാമത്തെ ഐടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിഞ്ഞതായും ശ്രീ.സുശാന്ത് കുറുന്തിൽ അറിയിച്ചു. ഇൻഫോപാർക്കിന്റെ ലക്ഷ്യങ്ങൾ കൂടുതൽ മുന്നോട്ട് കൊണ്ടുപോകാനുള്ള അനുഭവപരിചയവും കാഴ്ചപ്പാടും തനിക്കുണ്ടെന്നും ആയതിനാൽ ഇൻഫോപാർക്ക് സി.ഇ.ഒ തസ്തികയിൽ തുടരാനുള്ള സന്നദ്ധതയും അദ്ദേഹം അറിയിച്ചു. കൂടാതെ കാലാവധി ദീർഘിപ്പിച്ചു നൽകുകയാണെങ്കിൽ, ഇൻഫോപാർക്കിന്റെ സാമ്പത്തിക ഇടപാടുകളുടെ വർധനവിനാനുപാതികമായി (സാധാരണയായി മൂന്ന് വർഷത്തിനുള്ളിൽ 5% വാർഷിക വർദ്ധനവ് അല്ലെങ്കിൽ 15% വർദ്ധനവ്) അടുത്ത കാലയളവിലേക്കുള്ള ശമ്പളത്തിൽ 15% വർധനവ് നൽകണമെന്നും അദ്ദേഹം അഭ്യർത്ഥിക്കുകയുണ്ടായി.

4.ഐ.ടി വകുപ്പിനു കീഴിലുള്ള മറ്റു സ്ഥാപനങ്ങളിലെ സി.ഇ.ഒ തസ്തികകൾക്ക് കരാർ നിയമനത്തിനുള്ള കൺസോളിഡേറ്റഡ് പേ ആണ് നിലവിലുള്ളത്. സർക്കാർ ഐ.ടി പാർക്കിന്റെ സി.ഇ.ഒ തസ്തികയ്ക്ക് കരാർ നിയമനത്തിനുള്ള കൺസോളിഡേറ്റഡ് പേ നിശ്ചയിച്ച് നൽകുന്നതിന് ധനകാര്യവകുപ്പിന്റെ അഭിപ്രായം തേടുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവാകുകയുണ്ടായി. തുടർന്ന് ആയതിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുകയും ആ വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം അറിയിക്കുകയും ചെയ്തു.

*"The Administrative Department is requested to clarify the following points for fixing the salary of the CEO, Infopark*

*a)The proposal is on the basis of the willingness letter of the present incumbent. Is there any formal decision /recommendation of the Executive Committee of the park in this regard.*

*b) The A.D's recommendation is to fix the consolidated pay of CEOs and the present CEO of infopark as Rs.3,75,000 plus 10% annual increment and Rs.4,00,000 plus 10% annual increment respectively as against the present entry level pay and allowances of the CEO and the present CEO, Infopark is Rs.3,63,000 and Rs.3,94,800 respectively. Whether the proposal is to change the existing system of pay and allowances into the consolidated pay system.*

*c) In the prevailing pay fixation order, there is no mention of annual increment. The logic of proposing an annual increment @10% of consolidated.*

*d) Whether the present incumbent is holding an EPF account and the contribution is in line with the existing Act."*

5.ഇൻഫോപാർക്ക് സി.ഇ.ഒയുടെ സേവനകാലാവധി 2026 ജനുവരി 3 ന് അവസാനിച്ചതിനാൽ, കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച് അടിയന്തിരമായി തീരുമാനമെടുക്കേണ്ടതുണ്ട്. ടി തസ്തികയിൽ തുടരുന്നതിന് ശ്രീ.സുശാന്ത് കുരുന്തിലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സർക്കാർ ഐ.ടി പാർക്കിന്റെ സി.ഇ.ഒ തസ്തികയ്ക്ക് കരാർ നിയമനത്തിനുള്ള കൺസോളിഡേറ്റഡ് പേയും ശ്രീ.സുശാന്ത് കുരുന്തിലിന് കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ ആയതിലേയ്ക്കുള്ള ശമ്പളവും സംബന്ധിച്ച വിഷയത്തിൽ ധനകാര്യവകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചു വരുന്നുണ്ട്. ആയത് കാലതാമസമെടുക്കുന്ന പ്രക്രിയയാണ്. ശമ്പളനിർണയം അന്തിമമാക്കാത്തതുകൊണ്ട് മാത്രം സേവനകാലാവധി ദീർഘിപ്പിക്കുന്ന വിഷയത്തിലെ

തീരുമാനം വൈകിപ്പിക്കേണ്ടതില്ല. ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി ശ്രീ.സുശാന്ത് കുരുന്തിലിനെ മന്ത്രിസഭയുടെ അംഗീകാരത്തോടെയാണ് നിയമിച്ചിരുന്നത് എന്നതിനാൽ കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിനും മന്ത്രിസഭയുടെ അംഗീകാരം തേടേണ്ടതുണ്ട്.

6.മേൽ സാഹചര്യത്തിൽ, വിഷയത്തിന്റെ അടിയന്തരാവസ്ഥ കണക്കിലെടുത്ത് ശ്രീ.സുശാന്ത് കുരുന്തിലിന്റെ സേവനകാലാവധി ദീർഘിപ്പിച്ചു നൽകുന്ന കാര്യം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും അദ്ദേഹത്തിന്റെ ശമ്പളവും സർക്കാർ ഐ.ടി പാർക്കിന്റെ സി.ഇ.ഒ തസ്തികയ്ക്ക് കരാർ നിയമനത്തിനുള്ള കൺസോളിഡേറ്റഡ് പേ പുനർനിശ്ചയിച്ച് നൽകുന്നകാര്യവും ധനകാര്യ വകുപ്പുമായി കൂടിയാലോചിച്ച് നടപടി സ്വീകരിക്കുന്നതിനും ബഹു. മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

7.ആയതിൻപ്രകാരം മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് സമർപ്പിച്ചപ്പോൾ, ധനകാര്യ, വിജിലൻസ് വകുപ്പുകളുടെ അഭിപ്രായം ലഭ്യമാക്കുന്നതിന് ചീഫ് സെക്രട്ടറി ഉത്തരവായി. ഫയൽ ധനകാര്യവകുപ്പിനു കൈമാറുകയും ആ വകുപ്പ് ചുവടെ ചേർത്തിരിക്കും പ്രകാരം അഭിപ്രായം ലഭ്യമാക്കുകയും ചെയ്തു.

*"ശ്രീ.സുശാന്ത് കുറുന്തിലിന്റെ, Infopark Kerala, CEO തസ്തികയിലുള്ള കരാർ കാലാവധി 04.01.2026 തീയതി മുതൽ ഒരു വർഷത്തേയ്ക്ക് വിജിലൻസ് ക്ലിയറൻസ് ലഭ്യമാകുന്ന മുറക്ക്, മന്ത്രിസഭായോഗ തീരുമാനത്തിന് വിധേയമായി, ദീർഘിപ്പിച്ചു നൽകുന്ന വിഷയത്തിൽ ധനകാര്യ വകുപ്പിന് വിയോജിപ്പില്ല എന്ന വിവരം ഭരണവകുപ്പിനെ അറിയിക്കുന്നു.*

*'ഇതിന് ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."*

8.ശ്രീ.സുശാന്ത് കുരുന്തിലിന്റെ പേരിൽ വിജിലൻസ് കേസോ എൻക്വയറിയോ നിലവിലില്ല എന്ന് വിജിലൻസ് വകുപ്പും അറിയിക്കുകയുണ്ടായി.

## <u>തീരുമാനിക്കേണ്ട കാര്യം</u>

ഇൻഫോപാർക്ക്സ് കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിൽ തുടരുന്നതിന് ശ്രീ.സുശാന്ത് കുരുന്തിലിന്റെ കരാർ വ്യവസ്ഥയിലെ സേവനകാലാവധി 04.01.2026 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകാമോ?